ആഗസ്ത് 2014

# കളരി

Vol : 37
No. 1
uniqvoice.blogspot.com
uniqvoice@gmail.com
www.dcjku.in

കേരള സർവ്വകലാശാലാ കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസം വകുപ്പിന്റെ പരിശീലന പ്രസിദ്ധീകരണം

# സി. ഇ. ടി. രാജ്യത്തിനാകെ മാതൃക : രാഷ്ട്രപതി

അശ്വതി വി.ആർ
ജിഷ.ബി.

**തിരു:**രാജ്യപുരോഗതിക്കായി നിരവധി പ്രതിഭകളെ സംഭാവന ചെയ്ത തിരുവനന്തപുരം ഗവ:എഞ്ചിനീയറിംഗ് കോളേജ് സർക്കാർ മേഖലയിലെ ഏറ്റവും മാതൃകാപരമായ സ്ഥാപനമാണെന്ന് രാഷ്ട്രപതി പ്രണബ് മുഖർജി.തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിന്റെ പ്ലാറ്റിനം ജൂബിലി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സാങ്കേതിക വിദ്യാഭ്യാസരംഗത്ത് പരീക്ഷാരീതി ഉൾപ്പെടെ സമഗ്രമായ മാറ്റം വരണമെന്നു രാഷ്ട്രപതി പറഞ്ഞു. മികച്ച കണ്ടെത്തലുകളും ഗവേഷണങ്ങളും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർവകലാശാലകളിലും ഒതുങ്ങിപോകുന്നു.സാധാരണക്കാരായ ജനങ്ങൾക്കും അവയുടെ പ്രയോജനം ലഭ്യമാക്കണം അദ്ദേഹം പറഞ്ഞു.ലോകത്തെ മികച്ച 200 സർവകലാശാലകൾ എടുത്താൽ അവയിൽ ഒന്നുപോലും ഇന്ത്യയിൽ നിന്നില്ല .വിജ്ഞാന വിദ്യഭ്യാസ മേഖലയിൽ ഒരു കാലത്ത് ഇന്ത്യയ്ക്കായിരുന്ന സ്ഥാനം തിരികെ പിടിക്കണമെന്ന് രാഷ്രപതി പറഞ്ഞു.



*തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിന്റെ പ്ലാറ്റിനം ജൂബിലി ഉദ്ഘാടനം രാഷ്ട്രപതി പ്രണവ് കുമാർ മുഖർജി നിർവഹിക്കുന്നു.*

മികവിന്റെ കേന്ദ്രങ്ങളായി ഓരോ വിദ്യാഭ്യാസ സ്ഥാപനവും മാറണം. വികസിപ്പിക്കുന്ന സങ്കേതിക വിദ്യ വ്യവസായ വികസനത്തിന് ഉതകുന്നത് ആയിരിക്കണം.വ്യവസായ മേഖലയും സാങ്കേതിക വിദ്യാഭ്യാസ മേഖലയും അതിനായി ഒരുമിച്ചു പ്രവർത്തിക്കണം.അടിസ്ഥാന മേഖലയുടെ വികസനത്തിന് സഹായകമാകുന്ന അനവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന രീതിയിലുള്ള കൂട്ടായ പ്രവർത്തനമാണ് വേതെന്നും അദ്ദേഹം പറഞ്ഞു.

മുഖ്യമന്ത്രി ഉമ്മൻചാണ്ടി,ഗവർണർ ഷീല ദീക്ഷിത്,മേയർ കെ .ചന്ദ്രിക,വിദ്യാഭ്യാസ മന്ത്രി അബ്ദുറബ്,ശശി തരൂർ എം. പി എന്നിവർ സംസാരിച്ചു.കോളേജ് പ്രിൻസിപ്പൽ ഡോ. എസ് ഷീല കോളേജിന്റെ പുരസ്കാരമായ ആറന്മുള കണ്ണാടി രാഷ്ട്രപതിക്ക് നൽകി. സുവനീർ പ്രകാശനം മുഖ്യമന്ത്രി നിർവഹിച്ചു.പ്ലാറ്റിനം ജൂബിലിയുടെ ഭാഗമായി ഒരു വർഷത്തെ പരിപാടികളാണ് സംഘടിപ്പിക്കുന്നത്. ത്തത്.

## ക്യാമ്പസ് ലൈബ്രറി വികസന പാതയിൽ

ദിൻഷ.റ്റി.

കാര്യവട്ടം : കേരള സർവകലാശാല ഗവേഷക കേന്ദ്രങ്ങളിലൊന്നായ കാര്യവട്ടം ക്യാമ്പസ് ലൈബ്രറിയുടെ വിപുലീകരണം ത്വരിതഗതിയിൽ മുന്നോട്ട. ലൈബ്രറിയ്ക്ക് 90 ലക്ഷം രൂപയിലധികം വില വരുന്ന പുസ്തകങ്ങളാണ് കേരള സർവകലാശാല അനുവദിച്ചിരിക്കുന്നത്. നാല്പത്തിരണ്ടോളം ഡിപ്പാർട്ട്മെന്റുകളുടെ പുസ്തക ശേഖരണമാണ് ഇവിടെയുള്ളത്.

പുതിയ പുസ്തകങ്ങൾ വരുന്ന മുറയ്ക്ക് അവയുടെ പ്രദർശനവും നടത്തി വരുന്നു. ക്യാമ്പസ് വിദ്യാർത്ഥികളെ കൂടാതെ ക്യാമ്പസ്സിനു പുറത്തുള്ള നിരവധി പുസ്തക പ്രേമികളും ഇവിടെ എത്തുന്നു എന്നതാണ് പ്രദർശന വേദിയെ കൂടുതൽ ശ്രദ്ധേയമാക്കുന്നത്.

നിലവിൽ ഇരുനില കെട്ടിടമാണ് ക്യാമ്പസ് ലൈബ്രറി. വിപുലീകരണത്തിന്റെ ഭാഗമായി ഇതിൻറെ മുകളിൽ തന്നെ വീണ്ടും ഇരുനിലകൾ പണിതുകൊണ്ടിരിക്കുകയാണ്.ഗവേഷക വിദ്യാർഥികൾക്ക് മാത്രമായി പുതിയൊരു കമ്പ്യൂട്ടർ സെൻറർ ലൈബ്രറിക്ക് അകത്തു ഉടൻ തന്നെ ആരംഭിക്കുമെന്ന് ലൈബ്രറിയനായ ഹസ്സൻ പറയുന്നു.

ഇക്കഴിഞ്ഞ മാർച്ച് 30മുതൽ ക്യാമ്പസ് ലൈബ്രറിയുടെ പ്രവർത്തന സമയം രാത്രി 12 മണിവരെയാക്കി. ഇത് വളരെയധികം ഉപയോഗപ്രദമായെന്നു വിദ്യാർഥികൾ പറയുന്നു.

## മികച്ച സിനിമകൾ ഉണ്ടാകാൻ മേളകൾ അനിവാര്യം:തിരുവഞ്ചൂർ

മനോജ്കുമാർ എം.

**തിരു:**നിലവാരമുള്ള സിനിമകൾ ഉണ്ടാകുന്നതിൽ ഹ്രസ്വചലച്ചിത്രമേളകൾക്കുള്ള പങ്ക് വളരെ വലുതാണെ ന്ന് വനം-പരിസ്ഥിതി-സിനിമാ വകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. ഏഴാമത് രാജ്യാന്തര ഡോക്യുമെന്ററി-ഹ്രസ്വചിത്രമേളയുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരന്നു അദ്ദേഹം.പരിസ്ഥിതി സംരക്ഷണവും, ശാസ്ത്രാവും ഇതിവൃത്തങ്ങളായുള്ള സിനിമകൾ വരും മേളകളിൽ കൂടുതലായി ഉൾപ്പെടുത്തുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.വിവിധ വിഭാഗങ്ങളിൽ അവാർഡുകൾ നേടിയ ചിത്രങ്ങളുടെ സംവിധായകർക്കുള്ള പുരസ്കാരങ്ങൾ മന്ത്രി ചടങ്ങിൽ വിതരണം ചെയതു.

മേളയിലെ മികച്ച ദീർഘ ഡോക്യുമെന്ററിയായി ശ്രാവൺ കട്ടിക്കനേനി സംവിധാനം ചെയ്ത 'ക്രോണിക്കിൾസ് ഓഫ് എ ടെമ്പിൾ പെയിന്റർ' എന്ന ചിത്രം തെരഞ്ഞെടുക്കപ്പെട്ടു. ഒരു ലക്ഷം രൂപയും പ്രശംസാപത്രവുമാണ് അവാർഡ്. കവിതാ ബാൽ, നരേന്ദ്ര സക്സേന എന്നിവർ ചേർന്ന് സംവിധാനം ചെയ്ത 'കാൻഡിൽസ് ഇൻ ദി വിൻഡ്', വിവേക് ചൗധരി, പ്രദീക് ഗുപ്ത, മിത് ജാനി എന്നിവരുടെ 'ഗൂംഗ പെഹൽവാൻ' എന്നീ ചിത്രങ്ങൾ ജൂറിയുടെ പ്രത്യേക പരാമർശം നേടി.

മികച്ച ഹ്രസ്വ ഡോക്യുമെന്ററി വിഭാഗത്തിൽ കവിത ദാത്തിറും അമിത് സൊണാവെയ്നും ചേർന്ന് സംവിധാനം ചെയ്ത 'ബാബൈ' ഒന്നാം സ്ഥാനത്തെത്തി. 50,000 രൂപയയും പ്രശംസാപത്രവുമാണ്



*തിരുവഞ്ചൂർ രാധാകൃഷ്ണൻ*

അവാർഡ്. സൗഗത ഭട്ടാചാര്യ സംവിധാനം ചെയ്ത 'ട്രാഷ്',എന്ന ചിത്രമാണ് ജൂറിയുടെ പ്രത്യേക പരാമർശം നേടിയത്.

മികച്ച ഷോർട്ട് ഫിക്ഷൻ വിഭാഗത്തിൽ 'ദി പപ്പറ്റ്' മികച്ചതായി. സത്യാൻഷു, ദേവാൻഷു സിങ് എന്നിവരാണ് ഈ ചിത്രം അണിയിച്ചൊരുക്കിയത്. ഏക്താര കളക്ടീവ് സംവിധാനം ചെയ്ത 'ഫിഷി മാജിക്കി'ന് ഈ വിഭാഗത്തിൽ പ്രത്യേക പരാമർശം ലഭിച്ചു.

ഗീതാഞ്ജലി റാവു സംവിധാനം ചെയ്ത 'ട്രൂ ലൗവ് സ്റ്റോറി' മികച്ച ആനിമേഷൻ ചിത്രത്തിനുള്ള പുരസ്കാരം നേടി. 'യു ആർ റോട്ട്' എന്ന ക്രിസ്റ്റോ ടോമി സംവിധാനം നിർവഹിച്ച മ്യൂസിക് വീഡിയോ ആണ് ഈ വിഭാഗത്തിലെ മികച്ച മ്യൂസിക് വീഡിയോ. ചങ്ങനാശ്ശേരി സെന്റ് ജോസഫ്സ് കോളേജിലെ ബിരുദാനന്തരബിരുദ വിദ്യാർഥികൾ സംവിധാനം ചെയ്ത 'സാൾട്ട് വാട്ടർ' മികച്ച ക്യാംപസ് ചിത്രത്തിനുള്ള അവാർഡ് കരസ്ഥമാക്കി. മികച്ച ഡോക്യുമെന്ററി സിനിമാട്ടോഗ്രാഫർക്കായി നവറോസ് കോൺട്രാക്ടർ ഏർപ്പെടുത്തിയ ക്യാഷ് പ്രൈസ് 'രംഗഭൂമി'യുടെ ഛായാഗ്രാഹകൻ സൗമ്യാനന്ദസാഹി നേടി.

മികച്ച ജൻഡർ സെൻസിറ്റീവ് സിനിമയ്ക്കായുള്ള 20,000 രൂപയുടെ ഐ.എ.ഡബ്ല്യൂ.ആർ.ടി. അവാർഡ് അനുരൂപ പ്രകാശും, ലോക് പ്രകാശും സംവിധാനം ചെയ്ത 'വിൽ ദിസ് ചെയ്ഞ്ച്' കരസ്ഥമാക്കി.

കൈരളി തിയേറ്ററിൽ നടന്ന ചടങ്ങിൽ കാനായി കുഞ്ഞിരാമൻ മുഖ്യാതിഥിയായിരുന്നു. ചലച്ചിത്ര അക്കാദമി വൈസ് ചെയർമാൻ ഗാന്ധിമതി ബാലൻ,അക്കാദമി സെക്രട്ടറി രാജേന്ദ്രൻ നായർ,നിർവാഹകസമിതി അംഗം ജോഷി മാത്യു, പ്രശസ്ത ഛായാഗ്രാഹകൻ നവറോസ് കോൺട്രാക്ടർ, മേളയുടെ ആർട്ടിസ്റ്റിക് ഡയറക്ടർ ബീനാ പോൾ എന്നിവർ സംബന്ധിച്ചു.

കളരി
Vol : 37 ആഗസ്ത് 2014 No. 1

## ദിനാചരണങ്ങളുടെ നാട്

ദിനാചരണങ്ങൾക്ക് പഞ്ഞമില്ലാത്ത രാജ്യത്താണ് നാം ജീവിക്കുന്നത്. എന്തിനും ഏതിനും ഒരു ദിനാചരണവും അതിന്റെ ആഘോഷങ്ങളും, ഇതിനായി സർക്കാർ ചെലവിടുന്നത് ലക്ഷങ്ങൾ.പത്രത്താളുകളിൽ രണ്ടു ദിവസത്തെ വാർത്തകൾക്ക് ശേഷം പ്രവർത്തനങ്ങൾ വീണ്ടും കാലത്തിന്റെ വിസ്മൃതിയിലേക്ക്.....അടുത്ത കൊല്ലം വീണ്ടും ഇതേ രീതി.

ഇതിൽ ദിനാചരണത്തിൽ മാത്രമായി ഒതുങ്ങുന്ന ഒന്നായി മാറുന്നതിൽ പ്രധാനമായ ജൂൺ 5 ലോകപരിസ്ഥിത് ദിനമാണ്.പ്രകൃതി സംരക്ഷണത്തിന്റെ സന്ദേശം ലോകം മുഴുവൻ എത്തിക്കാനായി നടത്തുന്ന ഈ ദിനം കടലാസിൽ മാത്രം ഒതുങ്ങുന്നു.പരിസ്ഥിതി ദിനം മുതൽ ഒരാഴ്ചക്കാലം കൊട്ടിയാഘോഷിക്കുന്ന പരിപാടികളാണ് സംഘടിപ്പിക്കുന്നത്.വൃക്ഷത്തൈ നടൽ,സന്ദേശയാത്രകൾ, സെമിനാറുകൾ എന്നിങ്ങനെ വിവിധ പരിപാടികൾ സർക്കാരും ഇതരസർക്കാർ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്നു.പക്ഷേ ഇവയെല്ലാം ഒരാഴ്ചകൊണ്ട് അവസാനിക്കുന്നു എന്നതാണ് യാഥാർത്ഥ്യം.

മന്ത്രിമാർ ഉൾപ്പെടെ പ്രമുഖ വ്യക്തികൾ നടത്തുന്ന വൃക്ഷത്തൈ നടൽ വലിയ വാർത്തകളായി മാറുന്നു.എന്നാൽ പിന്നീട് ആ തൈകൾക്ക് എന്തു സംഭവിക്കുന്നുവെന്ന് അത് നട്ട മന്ത്രിയോ ബന്ധപ്പെട്ടവരോ ചിന്തിക്കുന്നില്ല.അടുത്ത വർഷം അവിടെ തന്നെയാകാം തൈ നടൽ മഹാമഹം.

വൻകിട ഹോട്ടലുകളിലെ ശീതീകരിച്ച മുറികളിലാണ് പരിസ്ഥിതി ദിന സെമിനാറുകൾ സംഘടിപ്പിക്കുന്നത്. അവിടുത്തെ വിഭവസമൃദ്ധമായ ആഹാരത്തോടുകൂടി സെമിനാറിലെ ആശയങ്ങൾ ഒറ്റദിവസം കൊണ്ട് നിർജീവമാകുന്നു.ഇങ്ങനെ പ്രഹസനമായി മാത്രം ഒതുങ്ങേണ്ട ഒന്നാണോ പരിസ്ഥിതി ദിനാചരണം? ഈ ദിനാചരണത്തിന് വർഷം മുഴുവൻ പ്രസക്തിയുണ്ട്.നമ്മുടെ ഭൂമി മനുഷ്യന്റെ പ്രവർത്തനങ്ങൾ മൂലം നാശത്തിന്റെ വക്കിലാണ്.അത് മനുഷ്യരെ ബോധ്യപ്പെടുത്തി പ്രകൃതിക്ക് അനുയോജ്യമായ പ്രവർത്തമശൈലി കൊണ്ടു വരികയാണ് നാം ഇതിലൂടെ ചെയ്യേണ്ടത്, പകരം പണ ചെലവിന്റെ മാത്രം ദിനമായി ഇവയെ മാറ്ററുത്.വ്യക്തമായ പദ്ധതി രൂപരേഖ തയ്യാറാക്കി മാത്രമേ ദിനാചരണങ്ങൾ നടപ്പാക്കാവൂ.

നടപ്പിലാക്കിയ പദ്ധതികളുടെ നിലവിലെ അവസ്ഥ മനസ്സിലാക്കണം, പോരായ്മകൾ പരിഹരിക്കണം കൂടാതെ ശാസ്ത്രീയമായ പ്രവർത്തനങ്ങൾ നടപ്പാക്കണം. വൻകിട ഹോട്ടലുകളിൽ നടത്തുന്ന സെമിനാറുകൾക്ക് ചിലവിടുന്ന തുക പരിസ്ഥിതി പ്രവർത്തനങ്ങൾക്ക് മാറ്റി വയ്ക്കണം.

നമുക്ക് വേണ്ടത് ആത്മാർത്ഥമായ പ്രവർത്തന ശൈലിയാണ്.ഓരോ ദിനാചരണത്തിന്റെയും അടിസ്ഥാനവും അതു തന്നെ. കേവലം വാർത്തകൾ മാത്രമായി ഒതുങ്ങാതെ വരും തലമുറയ്ക്ക് വേണ്ടി പ്രകൃതിയെ കരുതാൻ പരിസ്ഥിതി ദിനാചരണം കൊണ്ട് നമുക്ക് സാധിക്കണം.

## പുറംതള്ളപ്പെടുന്ന വാർദ്ധക്യം

പാർവ്വതി വിജയൻ ആർ.

ബാല്യം മുതൽ വാർദ്ധക്യം വരെയുള്ള ജീവിത യാത്രയിൽ മനുഷർക്ക് ധാരാളം പ്രതിസന്ധികളെ അതിജീവിക്കേതു്.ഒരു കാലത്ത് വാർദ്ധക്യം എന്നു പറയുന്നത് പ്രിയപ്പെട്ടവരുടെ കൂടെയുള്ള വിശ്രമകാലമായിരുന്നു. അതിൽ നിന്നും വളരെ വ്യത്യസ്തമാണ് ഇന്നത്തെ മനുഷ്യരുടെ വാർദ്ധക്യകാലം. ജീവിതത്തിന്റെ സർവസുഖങ്ങളും ഐശ്വര്യങ്ങളും കൊഴിഞ്ഞ് ഏകാന്തതയുടെ ഇരു്ട്ടിലേക്ക് അവർ തള്ളപ്പെടുന്നു. വേദനകൾക്കും അവഗണനകൾക്കൊപ്പമാണ് അവർ വാർദ്ധക്യം ചെലവിടുന്നത്.

മുൻകാലങ്ങളിൽ ചില മനുഷ്യർ ഗൃഹസ്ഥാശ്രമം കഴിഞ്ഞ് വാനപ്രസ്ഥത്തിന് പോകുന്ന രീതി ഉായിരിന്നു. എന്നാൽ ഇന്ന്, ഇത്തരമൊരു വാനപ്രസ്ഥം സ്വന്തം മക്കൾ ഇവരിൽ അടിച്ചേൽപ്പിക്കുന്നു. ഒരായുസ്സ് മുഴുവൻ മക്കൾക്ക് വേി ജീവിതം ഉഴിഞ്ഞുവച്ചവർ പ്രായമാകുമ്പോൾ അവർക്ക് ഒരുഭാരമായി തോന്നുന്നു. അനാഥക്കുഞ്ഞുങ്ങൾക്ക് അമ്മത്തൊട്ടിൽ എന്ന പോലെയാണ് ഇന്ന് പ്രയമായവർക്ക് വൃദ്ധസദനങ്ങൾ. നമ്മുടെ നാട്ടിൽ കൂണു പോലെയാണ് വൃദ്ധസദനങ്ങൾ മുളച്ചു വരുന്നത്. എന്നാൽ ഇത്തരം സ്ഥാപനങ്ങളുടെ പരമ പ്രധാന ലക്ഷ്യം ലാഭം തന്നെയാണ്. പലരും ബിസിനസ്സായിട്ടാണ് വൃദ്ധസദനങ്ങളുടെ നടത്തിപ്പിനെ കാണുന്നത്. വയോധികർക്ക് ആവശ്യമായ സൗകര്യങ്ങൾ, നല്ല ഭക്ഷണം, എന്നിവ നല്ല രീതിയിൽ അവിടെ നൽകുന്നുടോ എന്നുള്ള കാര്യവും ചിന്തിക്കേിയിരിക്കുന്നു.



വഴിയിൽ മാലിന്യം ഉപേക്ഷിക്കുന്നതു പോലെയാണ് തെരുവോരങ്ങളിൽ മാതാപിതാക്കളെ മക്കൾ ഉപേക്ഷിക്കുന്നത്. ഭക്ഷണമോ വസ്ത്രമോ ഇല്ലാതെ ശരീരം മുഴുവൻ ഉറുമ്പും പുഴുവും അരിച്ച നിലയിൽ വൃത്തിഹീനമായ സാഹചര്യത്തിൽ ജീവിതം കഴിച്ചു കൂട്ടുന്ന ധാരാളം വയോധികർ നമ്മുടെ കേരളത്തിലു്. മാതാ-പിതാ-ഗുരു-ദൈവം എന്ന സംസ്കാരം നമുക്ക് കൈമോശം വന്നു എന്നു തന്നെ പറയാം. പ്രശസ്തിയുടെയും സമ്പത്തിന്റെയും പുറകെ പായുന്ന മനുഷ്യർ പരസ്പരം സ്നേഹിക്കാൻ മറന്നു പോകുന്നു. മാതാപിതാക്കളും കുഞ്ഞുങ്ങളും തമ്മിലുള്ള അമൂല്യ ബന്ധത്തിന്റെ തീവ്രത ദിനം പ്രതി കുറഞ്ഞു കൊിരിക്കുന്നു. മുതിർന്നവരുടെ മൂല്യം തിരിച്ചറിയാൻ ഇന്നത്തെ യുവതലമുറ ശ്രമിക്കുന്നില്ല. കൂട്ടുകുടുംബങ്ങളിൽ നിന്ന് അണുകുടുംബങ്ങളിലേക്ക് ചേക്കേറാൻ മനുഷ്യൻ വ്യഗ്രത കാണിക്കുമ്പോൾ അവൻ അറിഞ്ഞോ അറിയാതെയോ കുടുംബബന്ധങ്ങളുടെ രക്തച്ചരടുകളാണ് അറുത്തുമാറ്റാൻശ്രമിക്കുന്നത്.

ഇന്ത്യയിൽ മൊത്തം ജനസംഖ്യയിൽ 30%% വൃദ്ധജനങ്ങളാണ്. ഇതിൽ വർഷംതോറും മക്കളാൽ ഉപേക്ഷിക്കപ്പെടുന്നവരുടെ എണ്ണം വളരെ കൂടുതലാണ്. ദിവസേന 2 വൃദ്ധർ ഉപേക്ഷിക്കപ്പെടുന്നു എന്നാണ് 2012 ലെ സർവേ കണക്കുകൾ. ഗ്ലോബൽ ഏജ് വാച്ച് ഇൻ ഇന്ത്യ യുടെ കണക്കുകൾ പ്രകാരം മൂന്നു വർഷത്തിനിടയിൽ

ഇന്ത്യയിലെ വൃദ്ധസദനങ്ങളുടെ എണ്ണം ഇരട്ടിയായി വർദ്ധിച്ചിരിക്കുന്നു. ഇതിൽ 63%% എൻ ജി ഒ പോലെയുള്ള സംഘടനകൾ നടത്തുന്നതും മറ്റുള്ളവ സ്വകാര്യവ്യക്തികളു്ടെയും സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലുമാണ് ഒട്ടും മനുഷ്യത്വമില്ലാതെ സ്വന്തം മാതാപിതാക്കളെ ഉപേക്ഷിക്കുന്ന മക്കൾ ഒന്നു മറക്കുന്നു-വാർദ്ധക്യം നാളെ നമുക്കുമാകും

*'താൻ താൻ നിരന്തരം ചെയ്യുന്ന കർമങ്ങൾ*
*താൻ താൻ അനുഭവിച്ചീടുകെന്നേ വരൂ'*

എന്ന എഴുത്തച്ഛൻ വാക്യം ഓർത്താൽ നന്ന്.

# കേരളയിലെ എട്ട് വിദ്യാർഥികൾക്ക് യൂറോപ്പ് യൂണിയൻ സ്കോളർഷിപ്പ്

സ്വന്തം ലേഖകൻ

**കാര്യവട്ടം:** കേരള സർവകലാശാലയിലെ എട്ട് വിദ്യാർഥികൾക്ക് യൂറോപ്പിലെ പ്രമുഖ സർവകലാശാലകളിൽ ഉപരിപഠനത്തിന് സ്കോളർഷിപ്പ്. കേരള സർവകലാശാലയും യൂറോപ്പിലെ 10 സർവകലാശാലകളും അംഗങ്ങളായ എമൈന്റ് പദ്ധതി പ്രകാരമാണ് ഇവർ ഉന്നതപഠനത്തിനായി യൂറോപ്പിലേക്ക് പോകുന്നത്. പഠന കാലയളവിൽ യൂറോപ്യൻ യൂണിയനാണ് ഇവരുടെ എല്ലാ ചെലവുകളും വഹിക്കുക.

കാര്യവട്ടത്തെ സർവകലാശാലാ പഠനവകുപ്പുകളിലെയും അഫിലിയേറ്റഡ് കോളജുകളിലെയും നാല് വിദ്യാർഥികൾ വീതമാണ് സ്കോളർഷിപ്പിന് അർഹരായത്.

പി.എച്ച്.ഡി വിഭാഗത്തിൽ ഒപ്റ്റോ ഇലക്ട്രോണിക്സ് പഠനവകുപ്പിലെ ശ്രീജു.എസ്. എൽ, ബിനോയ് ചാക്കോ എന്നിവർ ജർമനിയിലെ ഫ്രെയ് സർവകലാശാലയിലും കംപ്യൂട്ടേഷണൽ ബയോളജിയിലെ രശ്മി രാമകൃഷ്ണൻ ബെൽജിയത്തിലെ ല്യൂവൻ സർവകലാശാലയിലും ഉപരിപഠനം നടത്തും.

പോസ്റ്റ് ഡോക്ടറൽ ഗവേഷണത്തിന് ഫിലോസഫി പഠനവകുപ്പിലെ ഗിരിലാൽ എം.കെ, തിരുവനന്തപുരം എൻ.ഐ.എസ്.ടിയിലെ റോണി രാജൻ പോൾ എന്നിവർ പോളിലെ വാഴ്സാ സർവകലാശാലയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.

ഗവ.വിമൻസ് കോളജിലെ ഹോം സയൻസ് വിദ്യാർഥിനി റേച്ചൽ മോൺദ്സെ (ഉപ്പ്സലാ സർവകലാശാല,സ്വീഡൻ), ലയോള കോളജിലെ സോഷ്യോളജി വിദ്യാർഥി അതുൽ ലിയോ ബോറ (ലിജുബിലാന സർവകലാശാല, സ്ളോവേനിയ), ചേർത്തല സെന്റ് മെക്കിൾസ് കോളജിലെ സാമ്പത്തിക ശാസ്ത്രം വിദ്യാർഥി വിജയ് വിക്ടർ (വാഴ്സാ സർവകലാശാല, പോൾ) എന്നിവരാണ് സ്കോളർഷിപ്പിന് അർഹരായ മറ്റുള്ളവർ.

കാര്യവട്ടത്തെ സെന്റർ ഫോർ ഇന്റർനാഷണൽ അക്കാദമിക്സാണ് ഈ പഠന വിനിമയ പദ്ധതിയുടെ ചുമതലകൾ നിർവഹിക്കുന്നത്.



*സ്കോളർഷിപ്പ് നേടിയ അതൂൽ ലിയോ ബോറ ,ബിനോയ് ചാക്കോ,ഗിരിലാൽ എം.കെ.,റേച്ചൽ മോദ്സെ ,റോണി രാജൻ,ശ്രീജു.എസ്.എൽ,വിജയ് വിക്ടർ, രശ്മിരാമകൃഷ്ണൻ*

## പുസ്തകപ്രദർശനവും അവാർഡ്ദാനവും

മഹേഷ് എൻ.

**കാര്യവട്ടം:** കാര്യവട്ടം ക്യാമ്പസിൽ വായനാവാരാഘോഷത്തിന്റെ ഭാഗമായി നടത്തിയ പുസ്തക പ്രദർശനവും അവാർഡ് ദാനചടങ്ങും കേരള യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ: വീരമണികണ്ഠൻ ഉദ്ഘാടനം ചെയ്തു.

പുസ്തകങ്ങളുടെ മൂല്യങ്ങളെ കുറിച്ചും അത് നൽകു അറിവിന്റെ പുതിയ പുതിയ പടവുകളെ കുറിച്ചും അദ്ദേഹം സംസാരിച്ചു.

സിവിൽ സർവീസ് പരീക്ഷയിൽ ഉയർ റാങ്ക് കരസ്ഥമാക്കിയ കുമാരി ആര്യയേയും കുമാരി ശ്രുതിയേയും ചടങ്ങിൽ അഭിനന്ദിച്ചു. ഡോ പി രാഘവൻ നായർ, ഐ ടി രജിസ്ട്രാർ ശ്രീമതി മീന, ഡോ എം ഉണ്ണിക്കൃഷ്ണൻ, സെനറ്റ് മെമ്പർ അരു എസ് പി, അതുൽ എിവർ പങ്കെടുത്തു.

## കഴക്കൂട്ടം സ്റ്റേഷനിൽ ദുരിതയാത്ര: റെയിൽവേ കണ്ണടക്കുന്നു

മുഹമ്മദ് റോഷൻ എ.

**കഴക്കൂട്ടം:** കൂടുതൽ തീവണ്ടികൾക്ക് സ്റ്റോപ്പ് അനുവദിച്ചിട്ടും കഴക്കൂട്ടം റെയിൽവേയിൽ വൻ തിരക്ക്. മാസങ്ങൾക്ക് അഞ്ചു ട്രെയിനുടി സ്റ്റോപ്പ് അനുഎന്നാൽ തിരക്ക് ത്രക്കാർ ദുരിതം ക്കുകയാണ്.

ടെക്നോപാർക്കാരുംകോളേജ് ത്ഥികളുമാണ് ക റെയിൽവേ സ്റ്റെ പ്രധാന യാത്ര ട്രെയിനുകൾ ഇ

സ്റ്റേഷന മൂന്നു മുൻപാണ് കൾക്ക് കൂവദിച്ചത്. മൂലം യാ അനുഭവി

ക്ക് ജീവന വിദ്യാർ ഴക്കൂട്ടം ഷനി ലെ ക്കാർ. മറ്റു വർക്ക് അനുയോജ്യമല്ലാത്ത സമയത്ത് ഓടുന്നത് കൊണ്ട് വഞ്ചിനാട്, മലബാർ എക്സ്പ്രസ്സ് ട്രെയിനുകലെയാണ് ഇവർ ആശ്രയിക്കുന്നത്.എന്നാൽ യാത്രക്കാരുടെ തിരക്ക് മൂലം ഈ ട്രെയിനുകൾ വളെരെ വൈകിയാണ് ഓടുന്നത്.



തിരക്കേറിയ കഴക്കൂട്ടം സ്റ്റേഷൻ

## ഹോസ്റ്റലിൽ അടിസ്ഥാന സൗകര്യങ്ങളില്ല, വിദ്യാർഥിനികൾ വലയുന്നു.

രൂപശ്രീ ഐ. വി.

കാര്യവട്ടം: കേരള സർവകലാശാല കാര്യവട്ടം ക്യാമ്പസിലെ ഗവേഷണ വിദ്യാർഥിനികളുടെ ഹോസ്റ്റലിൽ അടിസ്ഥാന സൗകര്യങ്ങളില്ലാതെ വിദ്യാർത്ഥിനികൾ വലയുന്നു. മുപ്പതോളം ബിരുദാനന്തര ബിരുദ വിദ്യർത്ഥിനികളും അമ്പതോളം എം ഫിൽ, ഗവേഷണവിദ്യാർത്ഥിനികളുമാണ് ഈ ഹോസ്റ്റലിൽ താമസിക്കുന്നത്.

വിദ്യാർത്ഥിനികളുടെ എണ്ണത്തിന് ആനുപാതികമായി കുളിമുറികളും കക്കൂസുകളും ഇല്ല എതാണ് പ്രധാന പ്രശ്നം. ഓരോ നിലയിലും മൂന്നു വീതം കക്കൂസും കുളിമുറിയുമാണ് നൽകിയിട്ടുള്ളത്. ഇതിൽ പലതിനും വാതിൽ ഇല്ലാത്തത് കൊണ്‍ ഉപയോഗിക്കാൻ കഴിയില്ല. പൈപ്പുകളിലെ ചോർച്ച കാരണം വെള്ളം പാഴാകുന്നതും ഇവിടത്തെ സ്ഥിരം കാഴ്ചയാണ്. മുറികളിൽ ആവശ്യമായ ബൾബോ മറ്റ് ആവശ്യ സൗകര്യങ്ങളോ ഒുന്നും തന്നെയില്ല. സർവകലാശാല അനുവദിച്ചിരിക്കുന്ന ബൾബുകളിൽ പലതും പ്രവർത്തനരഹിതമാണ്. വിദ്യാർത്ഥിനികൾ പലപ്പോഴും സ്വന്തം പണം ചെലവാക്കിയാണ് ബൾബുകൾ വാങ്ങുന്നത്.

ലൈബ്രറി സമയം പന്ത്രണ്ട് മണി വരെ ദീർഘിപ്പിച്ചുവെങ്കിലും വിദ്യാർത്ഥിനികളുടെ സംരക്ഷണം ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടില്ല. വഴിവിളക്കുകളുടെ അഭാവവും തെരുവു നായ്ക്കളുടെ ശല്യവും വിദ്യാർത്ഥിനികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു.ഗവേഷണ വിഭാഗം ഹോസ്റ്റലിലെ മിക്ക പ്രവർത്തനങ്ങളും സർവകലാശാലയുടെ അധികാര പരിധിക്കു പുറത്താണ് എന്നുള്ളതും ഒരു പ്രധാന പ്രശ്നമാണ്.

ഹോസ്റ്റൽ പാചകത്തിന്റെ പൂർണ നിയന്ത്രണം വിദ്യാർത്ഥിനികൾക്കാണ്. പാചകത്തൊഴിലാളികളുടെ ശമ്പളവും ആവശ്യമായ ഭക്ഷണ സാധനങ്ങൾ പുറത്തു പോയി വാങ്ങുതും എല്ലാം അതത് മാസങ്ങളിലെ വിദ്യാർത്ഥിനികളുടെ കമ്മിറ്റിയാണ് തീരുമാനിക്കുന്നത്.

അടിസ്ഥാന സൗകര്യങ്ങൾ ആവശ്യപ്പെട്ട് പല തവണ ഹോസ്റ്റൽ വാർഡന് പരാതി നൽകിയിട്ടുണ്ടെങ്കിലും നടപടികളൊന്നും തന്നെ കൈക്കൊണ്ടിട്ടില്ലെന്നാണ് വിദ്യാർത്ഥിനികൾ പറയുന്നത്. വിദ്യാർത്ഥിനികൾക്കായുള്ള സൗകര്യങ്ങൾ അനുവദിക്കുന്നതിലും മികച്ച പഠന സാഹചര്യം ഉറപ്പു വരുത്തുന്നതിലും ഉള്ള സർവകലാശാലയുടെ അനാസ്ഥയാണ് ഇതിലൂടെ വ്യക്തമാകുന്നത്.

# ഇനി വായന ഇ -വായന

അഞ്ജു ജേക്കബ്

വെളുത്ത താളുകളിൽ കറുത്ത മഷിയിൽ തെളിയുന്ന അക്ഷരങ്ങൾ, അവയിലൂടെ ഭാവനയുടെ ഒരു വലിയ ലോകം തന്നെ തീർക്കാൻ കഴിയുക,അതിലെ കഥാപാത്രങ്ങൾക്ക് ഒപ്പം ജീവിക്കുക....അങ്ങനെ ഒരു കാലം ഇന്ന് നമുക്കെല്ലാവർക്കും നഷ്ടപ്പെട്ടിരിക്കുന്നു.മനുഷ്യനെ പൂർണ്ണനാക്കുന്നത് വായനയാണ്.അറിവിനൊപ്പം തന്നെ നമ്മുടെ സംസ്കാരത്തെ അറിയുവാനും വായന നമ്മെ സഹായിക്കുന്നു.ഡിജിറ്റൽ, മൾട്ടിമീഡിയ, മാധ്യമങ്ങളിലൂടെ അറിവും വിനോദവും നേടാനും ആശയവിനിമയം നടത്താനും കഴിയുന്ന പുതുതലമുറയ്ക്ക് പുസ്തകവായന അലർജിയായി മാറിയിരിക്കുന്നു. പുസതക വായനയിൽ താല്പര്യമുള്ളവർ പോലും കംമ്പ്യുട്ടറിനും ടീവിക്കും മുന്നിൽ വായനയെ ഹോമിക്കുന്നു.

ഒരു പുസ്തകം മുഴുവൻ ഒറ്റയിരിപ്പിൽ വായിച്ചു തീർത്തിരുന്ന ഒരു തലമുറ നമുക്ക് ഉണ്ടായിരുന്നു. എന്നാൽ ഇന്ന് വിരലിൽ എണ്ണാവുന്ന ആൾക്കാർക്കു മാത്രമേ ആ ശീലമുള്ളൂ.ആധുനിക തലമുറ പുസ്തക വായനയെ മറ്റൊരു രൂപത്തിൽ സ്വന്തമാക്കിയിരിക്കുന്ന കാഴ്ചയാണ് നാമിന്ന് കാണുന്നത്. പുസ്തകതാളുകളിൽ നിന്നും



അവർ ഇലെക്ട്രോണിക് സ്ക്രീനിലേക്ക് വായനയെ പറിച്ചു നട്ടിരിക്കുന്നു. പ്രഭാതത്തിലെ പത്ര വായന അവർ തങ്ങളുടെ റ്റാബ്ലട്ടിലെ ന്യൂസ് അപ്ഡേറ്റ്സിലൂടെ കാണുന്നു.

പുതിയ തലമുറയുടെ ഇ വായനയില്ലുള്ള താല്പര്യം കണക്കിലെടുത്ത് നമ്മുടെ ഒട്ടു മിക്ക പത്രങ്ങളും ഓൺലൈൻ എഡിഷൻ തുടങ്ങിയിട്ടുണ്ട്. ഏറ്റവും പുതിയ വാർത്തകൾ അപ്ഡേറ്റ് ചെയ്തും അവരും സാങ്കേതിക മികവ് കാട്ടുന്നു. വീഡിയോ ഡൌൺലോഡ് ചെയ്യാനും പഴയ വാർത്തകളുടെ 'ആർകൈവ്സ്' ശേഖരിക്കാനും ഇ പേപ്പറിലൂടെ കഴിയുന്നു.

പുസ്തക ആസ്വാദകർക്കുവേണ്ടി ഓൺലൈൻ പുസ്തകങ്ങളുടെ വമ്പൻ ശേഖരണം തന്നെ ഇന്റർനെറ്റിൽ ഉണ്ട്.ഇതിൽ നിന്നും സൗജന്യമായി വായിക്കാനും ഡൌൺലാഡ് ചെയ്യാനും സാധിക്കും..

ലോക പ്രശസ്ത എഴുത്തുകാരുടെയും പ്രസാധകരുടെയും പുസ്തകങ്ങൾ നിമിഷങ്ങൾക്കുള്ളിൽ നമ്മുടെ മുൻപിൽ എത്തും.നമുക്ക് ഇഷ്ടമുള്ള താൾ വായിക്കാനും വായിച്ചു നിർത്തിയിടത്ത് നിന്ന് തന്നെ പിന്നീട് വായിക്കാനുമുള്ള സംവിധാനം ഇ -പുസ്തകത്തില്ലുണ്ടണ്ട്.

വിദ്യാർത്ഥികളാണ് ഇവായനയുടെ പ്രധാന ഉപഭോക്താക്കൾ. പുതു തലമുറയ്ക്ക് വായനാശീലം ഇല്ലെന്ന് ആരോപിക്കുന്നവർക്കു നേരെ തങ്ങളുടെ മൊബൈൽ ഫോണും റ്റബ്ലറ്റും കാണിച്ചു ചിരിച്ചു കാണിക്കുകയാണ് ഇവർ. സാങ്കേതികതയ്ക്കൊപ്പം മുന്നോട്ടു പായുമ്പോൾ നമ്മുടെ പുസ്തകവായന മരിച്ചിട്ടില്ല എന്ന് നിശബ്ദമായി പറഞ്ഞു കൊണ്ട്.......

# വനിതാ ഹോസ്റ്റൽ ഫെസ്റ്റിന് വർണ്ണാഭമായ സമാപനം

ബിന്ദു പി.പി.

**കാര്യവട്ടം:** കേരള സർവ്വകലാശാല വനിതാ ഹോസ്റ്റൽ ഫെസ്റ്റ് 'ലാ ലാ പൊലൂസ 2014' ന് വർണ്ണാഭമായ സമാപനം.ജൂലയ് 10 മുതൽ 15 വരെ അഞ്ചു ദിനങ്ങളിലായി നടന്ന ആഘോഷ പരിപാടികളുടെ സമാപന സമ്മേളനം ഹ്രസ്വചിത്ര സംവിധായക ഡോ: ഗൗരി ലക്ഷ്മി ഉദ്ഘാടനം ചെയ്തു.ക്യാമ്പസിലെ വിവിധ ഹോസ്റ്റലുകളെ പങ്കെടുപ്പിച്ചു നടന്ന ഫെസ്റ്റ് വിവിധ കലാപരിപാടികളോടെ ശ്രദ്ധേയമായി.

പെൺകുട്ടികളുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ഇത്തരം കലാപരിപാടികൾ വിദ്യാർഥിനികളിൽ ആത്മവിശ്വാസം വളർത്തുമെന്നും ക്യാമ്പസിലെ അക്കാദമിക അന്തരീക്ഷവും സൗഹൃദങ്ങളും സജീവമാക്കാൻ സഹായിക്കുമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ ഗൗരി ലക്ഷ്മി അഭിപ്രായപ്പെട്ടു.

ഗോൾഡൻ ജൂബിലി ഓഡിറ്റോറിയത്തിൽ നടന്ന സമാപനസമ്മേളനത്തിൽ വനിതാ ഹോസ്റ്റൽ വാർഡൻ ഡോ:ഗീത കുമാരി, മെൻസ് റിസർച്ച് ഹോസ്റ്റൽ സെക്രട്ടറി വി. വി.അജേഷ്, മെൻസ് ഹോസ്റ്റൽ സെക്രട്ടറി ഗോപി കണ്ണൻ,ഡിപ്പാർട്ട്മെന്റ് യൂണിയൻ ചെയർമാൻ കെ.സ്റ്റാലിൻ എന്നിവർ പങ്കെടുത്തു.




*സമാപനസമ്മേളനത്തിൽ ഡോ:ഗൗരി ലക്ഷ്മി സംസാരിക്കുന്നു.ഡിപ്പാർട്ട്മെന്റ് യൂണിയൻ ചെയർമാൻ കെ.സ്റ്റാലിൻ,മെൻസ് റിസർച്ച് ഹോസ്റ്റൽ സെക്രട്ടറി വി.വി.അജേഷ്,വനിതാ ഹോസ്റ്റൽ വാർഡൻ ഡോ:ഗീത കുമാരി, മെൻസ് ഹോസ്റ്റൽ സെക്രട്ടറി ഗോപി കണ്ണൻ എന്നിവർ സമീപം.*

## രേഖകൾ സ്വയം സാക്ഷ്യപെടുത്താൻ അവസരം

ജിതിൻകൃഷ്ണൻ ആർ.

**തിരു:**രേഖകൾ സക്ഷ്യപെടുത്താൻ ജനങ്ങൾക്ക് ഗസ്സെറ്റ് ഉദ്യോഗസ്ഥരെ സമീപിക്കേണ്ടാതില്ലെന്ന നിയമം കൊണ്ട് വരാൻ കേന്ദ്ര സർക്കാർ ആലോചിക്കുന്നു.ഔദ്യോഗിക ആവശ്യങ്ങൾക്കായി സ്വയം സാക്ഷ്യപെടുത്തിയ പകർപ്പുകൾ മതിയാകും എന്നതാണ് ഈ നിയമത്തിന്റെ പ്രത്യേകത.

രണ്ടാം ഭരണ പരിഷ്കരണ സമിതിയുടെ പന്ത്രണ്ടാം റിപ്പോർട്ടിലെ സിറ്റിസൺ സെന്ട്രിക്ക് അട്മിനിസ്ട്രേഷൻ ദി ഹാർട്ട് ഓഫ് ഗവേണൻസ് ആണ് ഇതിനെപറ്റി പരാമർശിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാരുകളോട് കേന്ദ്രം ഇതിന്റെ സാധ്യതകളെ കുറിച്ച് പഠിച്ചു റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

നിലവിൽ നോട്ടറികളിൽ നിന്നും ലഭിക്കുന്ന സത്യവങ്ങ്മൂലതിന്റെ അസ്സൽ രേഖകൾ ഇല്ലാതെ ഗസ്സറ്റ് ഉദ്യോഗസ്ഥർ ഒപ്പിടാൻ വിസമ്മതിക്കുന്നു. ഗ്രാമങ്ങളിൽ ഗസ്സറ്റ് ഉദ്യോഗസ്ഥരുടെ കുറവ് കാരണം ജനങ്ങളുടെ ആവശ്യങ്ങൾക്ക് കാലതമാസമുണ്ടാകുന്നു. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ പുതിയ നിയമത്തിനു സാധിക്കുമെന്നാണ് ജനങ്ങൾ കരുതുന്നത്.

# ജേർണലിസം വകുപ്പിൽ നൂതന എഡിറ്റിംഗ് സ്യൂട്ട്

മഹേഷ് എൻ.

**കാര്യവട്ടം :** ആപ്പിളിന്റെ എറ്റവും പുതിയ കംപ്യൂട്ടറായ ഐ മാക് ന്റെ വരവോടുകൂടി വിവര സാങ്കേതിക വിദ്യയുടെ പുത്തൻ ജാലകം തുറന്നു കിട്ടിയ സന്തോഷത്തിലാണ് കാര്യവട്ടം കാമ്പസിലെ ജേർണലിസം വിദ്യാർഥികൾ. ശ ബ്ദ ദൃ ശ്യ സന്നിവേശത്തിനു ലോകത്തിൽ കിട്ടാവുന്ന എറ്റവും നല്ല സോഫ്റ്റ് വയറുകൾ ഈ കംപ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്.

ദൃശ്യ സന്നി വേശ ത്തിനു ഫൈനൽ കട്ട് പ്രൊ,അഡോബ് പ്രീമിയെർ , സോണി വെഗാസ് പ്രൊ തുടങ്ങിയവയും, ശ ബ്ദ സന്നി വേശത്തിനു വോഡസിറ്റി,സോണി സൌണ്ട് ഫോർച്യ്യൂണ് എന്നിങ്ങനെ ഉള്ള നൂതന സോഫ്റ്റ്വയ റുകൾ ആണ് ഇതിൽ ഉള്ളത്. ഇത് കൂടാതെ 'യമഹ'യുടെ എറ്റവും പുതിയ ശ ബ്ദ മിശ്രണ ഉപകരണങ്ങൾ, മൈക്രോ ഫോണുകൾ,സ്പീകറുകൾ,ഹെഡ് സെറ്റുകൾ,തുടങ്ങിയവയും ഈ ഡിപ്പാർട്ട് മെന്റിൽ ഇപ്പോൾഉണ്ട്.ഇതിനൊക്കെ പുറമേ രണ്ടു പുതിയ കംപ്യുട്ടറുകളും സർവകലാശാല അനുവദിച്ചു .

ജേർണലിസം ഡിപ്പാർട്ട് മെന്റിലെ പ്രധാന ക്ലാസ്സ് മുറിയെ സ്മാർട്ട് ആക്കിയതിന് പിന്നാലെയാണ് ഇത്തരം നവീകരണങ്ങൾ മീഡിയലാബിൽ കേരള സർവകലാശാല നടപ്പിലാക്കിയത്.



മീഡിയലാബിൽ പുതുതായി സ്ഥാപിച്ച കംമ്പ്യൂട്ടർ

## സിഗ്നൽബോർഡുകളില്ല അപകടം പെരുകുന്നു

അരുൺ പി.ജെ.

**കാര്യവട്ടം :** കാര്യവട്ടം ക്യാമ്പസിന് മുന്നിലെ നാഷണൽ ഹൈവേയിലൂടെ കടന്നു പോകുന്ന വാഹനങ്ങളുടെ അമിതവേഗം പലപ്പോഴും അപകടങ്ങൾ ഉണ്ടാക്കുന്നു.വിദ്യാഭ്യാസ സ്ഥാപനമാണെന്ന സൂചനാ ബോർഡുകൾ റോഡിൽ ഇല്ലാത്തതാണ് വാഹന യാത്രക്കാർ ക്യാമ്പസ് എത്തുമ്പോൾ വേഗത കുറയ്ക്കാത്തതിനു പ്രധാന കാരണം.




വാഹനങ്ങളുടെ വേഗം നിയന്ത്രിക്കാൻ നിരീക്ഷണ ക്യാമറകൾ വഴിയോരങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട് എങ്കിലും അവയുടെയൊക്കെ പ്രവർത്തനംനിലച്ചിട്ടു കുറച്ചു നാളായി. ഈ റോഡിനിരുവശത്തും മലിന വസ്തുക്കൾ നിക്ഷേപിക്കുന്നത് മലിനീകരനത്ത്തിനു മാത്രമല്ല കൂടുതൽ അപകടങ്ങൾക്കും ഇടയാക്കുന്നു. മിക്ക വിദ്യാർഥികളും മൊബൈൽ ഫോണിൽ സംസാരിച്ചു കൊണ്ടാണ് റോഡു മുറിച്ചു കടക്കുന്നത്. ഇതും അപകടങ്ങൾക്ക് ഇടയാക്കുന്നു.

ഗതാഗതം നിയന്ത്രിക്കാൻ ട്രാഫിക് വർഡന്മാരെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലും വാഹനങ്ങളുടെ അമിത തിരക്ക് കാരണം പലപ്പോഴും കാര്യങ്ങൾ അവരുടെ കൈവിട്ടുപോകുന്നു.


വാഹന പരിശോധന നടത്തി യഥാസമയം പണപ്പിരിവ് നടത്തുന്ന അധികാരികൾ പോലും അപകടങ്ങൾക്കെതിരെ ബോധവത്കരണം നടത്തുന്ന കാര്യത്തിൽ അലംഭാവം കാണിക്കുന്നു.

വിദ്യാഭ്യാസ സ്ഥാപനമാനെന്ന സിഗ്നൽബോർഡ് ഉടൻ തന്നെ റോഡിൽ സ്ഥാപിക്കണമെന്നാണ് വിദ്യാർഥികളും ക്യാമ്പസ്സിലെ മറ്റുജീവനക്കാരും ആവശ്യപ്പെടുന്നത്.




വനിത ഹോസ്റ്റൽ ഫെസ്റ്റിൽ എം.സി.ജെ വിദ്യാർഥിനികൾ അവതരിപ്പിച്ച നൃത്തത്തിൽ നിന്ന്.

## കാർട്ടൂൺ



# ദേശീയപാതയിൽ ഗതാഗതക്കുരുക്ക് രൂക്ഷമാകുന്നു

വിഷ്ണുശങ്കർ ബി.ആർ.

**ശ്രീകാര്യം:** ദേശീയപാതയിൽ പോങ്ങുമൂട്–ശ്രീകാര്യം ഭാഗങ്ങളിലെ ഗതാഗതക്കുരുക്ക് ജനങ്ങളെ ദുരിതത്തിലാക്കുന്നു.പുലർച്ചെ 8 മണിയ്ക്ക് തുടങ്ങുന്ന ഗതാഗതക്കുരുക്ക് മണിക്കൂറുകളോളം നീളുന്നു.

ശ്രീകാര്യം ജംങ്ഷനിൽ കഴക്കുട്ടം,പോത്തൻകോട്,ആക്കുളം,ഉള്ളൂർ തുടങ്ങിയ ഭാഗങ്ങളിലേയ്ക്ക് പോകാനുള്ള നാല് റോഡുകളുണ്ട്. ട്രാഫിക് സിഗ്നലുകളുടെ അഭാവം, റോഡിന്റെ വീതിയില്ലായ്മ, അനാവശ്യമായ വാഹനപാർക്കിംഗ് എന്നിവയാണ് ഗതാഗതക്കുരുക്കിനു പ്രധാന കാരണമായി ജനങ്ങൾ പറയുന്നത്. മുൻപ് ഒരു ട്രാഫിക് പോലീസ് മാത്രം നിയന്ത്രിച്ചിരുന്ന ഗതാഗതക്കുരുക്ക് ഇപ്പോൾ അഞ്ചോ ആറോ പോലീസുകാർ നിയന്ത്രിക്കേണ്ട അവസ്ഥയാണ്. 2

006ൽ മുന്നോട്ടു വച്ച റോഡ് വികസന പദ്ധതി ഇപ്പോഴും പ്രാവർത്തികമാക്കിയിട്ടില്ല. ഗതാഗത തടസം കാൽനടയാത്രക്കാരേയും പ്രതികൂലമായി ബാധിക്കുന്നു. അപകടങ്ങൾ പതിവാകുന്ന സാഹചര്യവും നിലവിൽ ഉണ്ട്. ഈ ഗതാഗതക്കുരുക്കിന് എത്രയും വേഗം പരിഹാരം ഉണ്ടാകണമെന്നാണ് ജനങ്ങളുടെ ആവശ്യം

# ലോകപരിസ്ഥിതി ദിനം ആചരിച്ചു

*പൂജ വി.*

**കാര്യവട്ടം:** പ്രകൃതിയെ സംരക്ഷിക്കുക എന്ന് ഉറക്കെ പ്രഖ്യാപിച്ചു കൊണ്ട് ലോകപരിസ്ഥിതി ദിനമായ ജൂൺ 5 ന് കേരള യൂണിവേഴ്സിറ്റി ഡിപ്പാർട്മെന്റ്സ് യൂണിയൻ ക്യാമ്പസിൽ പരിസ്ഥിതി ദിനാചരണം സംഘടിപ്പിച്ചു. വയനാട്ടിലെ പ്രശസ്ത ജൈവ കർഷകൻ ശ്രീ ചെറുവയൽ രാമൻ, മാധ്യമപ്രവർത്തകൻ പി പി സത്യൻ തുടങ്ങിയവർ പങ്കെടുത്തു.




നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന നമ്മുടെ ജൈവസമ്പത്തിന്റെ സംരക്ഷണ ആവശ്യത്തെപ്പറ്റിയും ജൈവ കൃഷിയിൽ തനിക്കപൺായ നേട്ടങ്ങളെപ്പറ്റിയും ശ്രീ ചെറുവയൽ രാമൻ വിദ്യാർത്ഥികളോട് സംസാരിച്ചു. പരിസ്ഥിതി ദിനാചരണം എന്നത് കേവലം ഒന്നോ രണ്ടോ ദിവസങ്ങളിൽ ചുരുങ്ങരുത് എന്ന് അദ്ദേഹം നിർദ്ദേശിച്ചു. പരിസ്ഥിതിയെ സംരക്ഷിക്കാൻ നാം ഓരോരുത്തരും ബാധ്യസ്ഥരാണെന്നും അദ്ദേഹം ഓർമിപ്പിച്ചു.

പ്രശസ്ത മാധ്യമപ്രവർത്തകൻ ശ്രീ പി പി സത്യൻ ക്യാമ്പസിലെ പരിസ്ഥിതി ദിനാചരണ പ്രവർത്തനങ്ങൾക്ക് ആശംസകൾ അർപ്പിച്ചു. പരിസ്ഥിതി നേരിടുന്ന പ്രശ്നങ്ങളെപ്പറ്റിയും അതുമൂലം മനുഷ്യനുണ്ടാകുന്ന വിപത്തുകളെപ്പറ്റിയും അദ്ദേഹം വിദ്യാർഥികളെ ഓർമ്മിപ്പിച്ചു.


ക്യാമ്പസിലെ എല്ലാ ഡിപ്പാർട്മെന്റുകളിലും വിവിധയിനം വൃക്ഷത്തൈകൾ നട്ടു പിടിപ്പിച്ചു. സയൻസ് ബ്ളോക്കിന്റേയും യൂണിയന്റേയും നേതൃത്വത്തിൽ ജിയോളജി വകുപ്പിന് സമീപത്തായി വാഴത്തൈകൾ നടുകയുണ്ടായി. പ്രകൃതി വിഷയമാക്കി വിവിധ വിദ്യാർത്ഥി വിദ്യാർത്ഥിനികൾ നടത്തിയ കവിതാലാപനം ഏറെ ശ്രദ്ധേയമായി. കൂടാതെ പരിസ്ഥിതി പ്രശ്നം കേന്ദ്ര വിഷയമാക്കിയ ഗ്രീൻ എന്ന ചലച്ചിത്രവും വിവിധ ഡോക്യുമെന്ററികളും പ്രദർശിപ്പിച്ചു.


| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | ഡോ. സുഭാഷ് കുട്ടൻ |
| ഫാക്കൽറ്റി എഡിറ്റേഴ്സ് | : | ഡോ. എം. എസ്. ഹരികുമാർ<br>മാഗി ജെ. |
| ഗസ്റ്റ് എഡിറ്റർ | : | വി. എസ്. ശശിഭൂഷണൻ നായർ |
| എഡിറ്റോറിയൽ | : | ജിഷ ബി. |
| ടൈപ്പ് സെറ്റിംഗ് | : | അശ്വതി വി.ആർ., ശ്രീരശ്മി സി.എസ്. |
| കാർട്ടൂൺ | : | അനുകൃഷ്ണ ആർ.വി. |
| എഡിറ്റോറിയൽ ടീം | : | അശ്വതി വി.ആർ., ശ്രീരശ്മി സി.എസ്.,<br>ജിഷ ബി. സുമിത്ത് എസ്.എസ്.,<br>അഭിലാഷ് എം. |
| ലേ-ഔട്ട് & ഡിസൈൻ | : | സിനില ഡി. ബി. എസ്. |
| എഡിറ്റോറിയൽ അസിസ്റ്റന്റ് | : | സിനില ഡി. ബി. എസ്. |


# 'ബാംഗ്ലൂർ ഡേയ്സ്' മികച്ച ഹിറ്റ്

*രഹന എ.*

**സൗ**ഹൃദവും, പ്രണയവും, വിരഹവും എല്ലാം വേണ്ട വിധത്തിൽ കൂട്ടിയോജിപ്പിച്ച് യുവത്വത്തിനായി അഞ്ജലി മേനോൻ സംവിധാനം ചെയ്ത ചിത്രമാണ് 'ബാംഗ്ലൂർ ഡേയ്സ് '. സംവിധാനമികവു കൊണ്ടും അഭിനയമികവുകൊണ്ടും വളരെയധികം പ്രേക്ഷകശ്രദ്ധ പിടിച്ചു പറ്റാൻ ഈ സിനിമയ്ക്ക് കഴിഞ്ഞു.




ഉറ്റ കൂട്ടുകാരുമായ ബന്ധുക്കളുടെ കഥയാണ് ചിത്രം പറയുന്നത്. കേരളത്തിൽ നിന്നും ബാംഗ്ലൂർ വരെ പോകുന്ന ഇവരുടെ ജീവിതത്തിൽ മറ്റു മൂന്ന് പേർ കടന്നു വരുമ്പോൾ ഉണ്ടാകുന്ന സംഭവവികാസങ്ങളാണ് ഇതിൽ ചിത്രീകരിച്ചിരിക്കുന്നത്.

നിവിൻ പോളി, ദുൽഖർ സൽമാൻ, ഫഹദ് ഫാസിൽ, നസ്രിയ നസീം, പാർവതി, ഇഷ തൽവാർ തുടങ്ങിയവരുടെ അഭിനയം ഒന്നിനൊന്നു മികച്ചതാണ്. എന്നാൽ കൂട്ടത്തിൽ പ്രേക്ഷകരുടെ കയ്യടി കൂടുതൽ നേടിയത് നിവിൻ പോളിയാണ്. നിവിൻ പോള-ഇഷ തൽവാർ കോമ്പിനേഷൻ സീനുകൾ ഇടയ്ക്ക് എപ്പോഴോ 'തട്ടത്തിൻ മറയത്ത് ' വന്നു പോകുന്നു.

ഇന്നത്തെ തലമുറയുടെ പ്രണയവും, ഇണക്കങ്ങളും, പിണക്കങ്ങളും എല്ലാം സംവിധായിക വരച്ചുകാട്ടുന്നു.

ചിത്രത്തിലും ജീവിതത്തിലും നസ്രിയയുടെ നായകൻ ഫഹദ് തന്നെയാണ്. വിവാഹ നിശ്ചയത്തിനു ശേഷം ഫഹദും നസ്രിയയും താരജോടികളായി അഭിനയിക്കുന്ന ആദ്യ ചിത്രം കൂടിയാണിത്. 'ഔട്ട് ഓഫ് സിലബസ്' എന്ന ചിത്രത്തിലൂടെ സിനിമാരംഗത്തെത്തിയ പാർവതി വളരെ വ്യത്യസ്തമായൊരു വേഷമാണ് കൈകാര്യം ചെയ്തിരിക്കുന്നത്. ഇതുവരെ ചെയ്ത കഥാപാത്രങ്ങളിൽ നിന്നും വ്യത്യസ്തവും വെല്ലുവിളി നിറഞ്ഞതുമായ കഥാപാത്രമാണ് പാർവതിക്ക് ലഭിച്ചത്.

ചിത്രത്തിലെ വിഷയങ്ങൾ നാം ഏറെ കണ്ടിട്ടുള്ളതാണ് എങ്കിലും പുതുമകളോടെ ഒറ്റ ക്യാൻവാസിൽ പകർത്തിയിരിക്കുകയാണ് സംവിധായിക. ഏതു പ്രായക്കാർക്കും ഏതു തരക്കാർക്കും ഒരുപോലെ ആസ്വദിക്കാവുന്ന ഒരു കുടുംബ ചിത്രമാണിത്.

കുടുംബ ബന്ധത്തിൻറെ ശക്തിയെ അതിന്റെ, ആഴത്തെ വളരെ രസകരമായി കോർത്ത് ഇണക്കാൻ സംവിധായികയ്ക്ക് സാധിച്ചു എന്നതാണ് ചിത്രത്തിൻറെ വിജയത്തിനു പ്രധാന കാരണം.

ഗോപി സുന്ദർ ആണ് പശ്ചാത്തല സംഗീതം നിർവഹിച്ചിരിക്കുന്നത്. ചായാഗ്രഹണം സമീർ താഹ തൻറെ നിലവാരത്തിൽ നിന്നും ഒട്ടും താഴോട്ടു പോകാത്ത രീതിയിൽ നിർവഹിച്ചിരിക്കുന്നു എന്ന് നമുക്ക് നിസ്സംശയം പറയാം.